# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6531    03.04.2018 -ൽ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റാൻ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ.കെ.എൻ.എ ഖാദർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽ ക്ഷമതാ വികസന കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. എംപ്ലോയബിലിറ്റി സെന്ററർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഏതെല്ലാം തൊഴിൽ മേഖലയിലുള്ളവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക; വിശദാംശം വെളിപ്പെടുത്തുമോ? | ബി) | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്, എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന തന്നെ പരിശീലനം നൽകുന്നുണ്ട്. തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ |

മുഖേനയും പരിശീലനം ലഭ്യമാക്കുന്നു. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലുമുള്ള നൂതന പ്രവണതകളെ കുറിച്ച് ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് അറിവ് നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം പ്രയോജനപ്രദമാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് മോഡൽ കരിയർ സെന്ററുകൾ. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുകയും ഏതെങ്കിലും നൈപുണ്യത്തിന്റെ അഭാവമുള്ളപക്ഷം അവരെ പരിശീലനകേന്ദ്രത്തിലേക്ക് നയിച്ച് നൈപുണ്യ പരിശീലനം നൽകി അനുയോജ്യമായ തൊഴിൽ നേടിയെടുക്കുന്നതിന് മോഡൽ കരിയർ സെന്ററുകൾ പ്രയോജനപ്പെടുന്നുണ്ട്.

സെക്ഷൻ ഓഫീസർ